I ഇ.ബി. XIV - കേരള നിയമസഭ /XI-3

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 06, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയ നോട്ടീസ്

വരാപ്പുഴ കസ്റ്റഡി മരണം

മി. സ്പീക്കർ: വരാപ്പുഴയിലെ കസ്റ്റഡി മരണവും യഥാർത്ഥ കുറ്റവാളികളിൽ പലരും രക്ഷപ്പെടുന്ന സാഹചര്യവും നിലനിൽക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.ഡി. സതീശൻ, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും പരിഗണനയിൽ വന്നതും ഹൈക്കോടതിയുടെ അന്വേഷണത്തിലിരിക്കുന്നതുമാണ്. കൂടാതെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കുള്ള മറുപടിയായി ഈ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ സഭയിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. ചട്ടം 53 അനുസരിച്ച് ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണകോടതിയുടെയോ മുമ്പാകെ തീർപ്പാകാതെയിരിക്കുന്ന ഒരു സംഗതിയെക്കുറിച്ച് സാധാരണഗതിയിൽ ചർച്ച അനുവദിക്കാൻ പാടില്ല. ആയതിനാൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): അടിയന്തര പ്രാധാന്യമർഹിക്കുന്ന, കേരള സമൂഹത്തെയാകെ പിടിച്ചുകുലുക്കിയ നിഷ്ഠൂരമായ കസ്റ്റഡി മരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്. വരാപ്പുഴ കേസിൽ കുറ്റക്കാരായ ഉന്നത പോലീസുദ്യോഗസ്ഥരെ സംരക്ഷിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. റൂൾ 53-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം സ്പീക്കറുടെ വിവേചനാധികാരമുപയോഗിച്ച് കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ സഭയിലുന്നയിക്കാൻ അനുവാദം നൽകാവുന്നതാണ്. കോടതിയുടെ പരിഗണനയിലുള്ളപ്പോൾത്തന്നെ ബാർകോഴ കേസ്, സോളാർ കേസ് തുടങ്ങിയ നിരവധി വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. റൂളിംഗ് പുനഃപരിശോധിക്കാൻ

ബഹുമാനപ്പെട്ട ചെയർ തയ്യാറാകണം.

മി. സ്പീക്കർ: 13-06-2018-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വരാനിരിക്കുന്ന വിഷയം സഭയിൽ കൊണ്ടുവരുന്നത് യുക്തിസഹമല്ലെന്ന നിലപാടാണ് ചെയർ സ്വീകരിക്കുന്നത്. ദയവായി സഹകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വരാപ്പുഴ കേസുമായി ബന്ധപ്പെട്ട് എല്ലാ നടപടിക്രമങ്ങളും സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നു നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### റെയിൽവേ സോൺ

ശ്രീ. ജോൺ ഫെർണാണ്ടസ്: റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേരളത്തെ നിരന്തരം അവഗണിക്കുന്ന സമീപനം അവസാനിപ്പിക്കുന്നതിനും

പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു റെയിൽവേ സോൺ രൂപീകരിക്കണമെന്ന സംസ്ഥാനത്തിന്റെ ദീർഘകാലമായ ആവശ്യം നേടിയെടുക്കുന്നതിനും ശബരി പാതയടക്കം സംസ്ഥാനത്ത് റെയിൽവേയുടെ സമഗ്രവികസനത്തിന് സഹായകമാകുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 9.44-ന് നിറുത്തിവച്ച സഭ 10.05-ന് പുന:രാരംഭിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങൾ പല അവസരങ്ങളിലും സഭയിൽ ഉന്നയിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിന്റെ അവകാശം സംരക്ഷിക്കപ്പെടണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം ചർച്ച ചെയ്യാൻ പാടില്ലെന്നുള്ള

സ്പീക്കറുടെ റൂളിംഗ് അംഗീകരിക്കുന്നു.

മി. സ്പീക്കർ: ചട്ടപ്രകാരം ഈ വിഷയം ഉന്നയിക്കാൻ പാടില്ലാത്തതിനാൽ അനുമതി നിഷേധിക്കുന്നു.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല. സബ്മിഷനുകൾക്കുള്ള മറുപടി സഭയുടെ മേശപ്പുറത്തു വച്ചു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

(2) ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV നിയമനിർമ്മാണകാര്യം

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള പഞ്ചായത്ത് രാജ്

(രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു.

## (ii) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(iii) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(സഭ രാവിലെ 10.18-ന് പിരിഞ്ഞു.)